# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1370

13.07.2016-ൽ മറുപടിക്ക്

## റിയാബ് (RIAB) മായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | റിയാബ്-ന്റെ സെക്രട്ടറി ശ്രീ.പത്മകുമാർ ഏതെല്ലാം ചുമതലകളാണ് നിർവ്വഹിച്ചിട്ടുള്ളത് ; | (എ) | റിയാബ് സെക്രട്ടറി ശ്രീ.കെ.പത്മകുമാർ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കി വരവെ 1994-ൽ റിയാബ് (RIAB)-ൽ ബിസിനസ് അനലിസ്റ്റായി നിയമിതനായി. 1998-ൽ റിയാബ് സെക്രട്ടറിയായി നിയമനം നൽകി പ്രസ്തുത തസ്തികയിൽ തുടരുന്നു. 01.10.2011 മുതൽ മലബാർ സിമെന്റ്സിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്നു. ഇതിനുപുറമെ 08.09.2015 മുതൽ 13.06.2016 വരെ SIDCO മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിച്ചിട്ടുണ്ട്. |
| (ബി) | അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ ; | (ബി) | കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിലെ വ്യാപാരികൾക്ക് സിമന്റ് വിതരണം നടത്തിയതിൽ ഇളവുകൾ നൽകിയതുമായി ബന്ധപ്പെട്ട് 09.07.2016-ൽ വി.സി.14/2016/പി.കെ.ഡി.-എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ.പത്മകുമാർ ഒന്നാം കുറ്റാരോപിതനാണ്. മലബാർ സിമന്റ്സ് |

ലിമിറ്റഡിനു വേണ്ടി 2009-2010-ൽ ഫ്ലൈ ആഷ് വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 09.07.2016-ൽ **വി.സി.17/2016/പി.കെ.ഡി** നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ.പത്മകുമാർ രണ്ടാം കുറ്റാരോപിതനാണ്.

(സി) 1321/B-1 2016 (വിജിലൻസ്), QV.47/14/2015 (പാലക്കാട് വിജിലൻസ്), 29/ 2015 (പാലക്കാട് വിജിലൻസ്) എന്നീ കേസുകളിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(സി) & (ഡി) വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല

**<u>ക്യൂ.വി.47/14/പി.കെ.ഡി.</u>**

**സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് അനുമതിക്കായി വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയതിലെ** വിജിലൻസ് ആംഗിൾ പരിശോധിച്ച് സമർപ്പിക്കുന്നതിനായി 06.06.2016-ലെ 1321/ബി1/16/വിജി നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് **നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ** ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ലളിത കുമാരി. Vs. യു.പി.സ്റ്റേറ്റ് കേസിന്റെ സുപ്രീം കോടതി ഉത്തരവനുസരിച്ച് 09.07.2016-ൽ വി.സി.17/16/പി.കെ.ഡി നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തു.

**<u>ക്യൂ.വി.29/2015/പി.കെ.ഡി</u>**

സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 18.01.2016 തീയതിയിലെ 11014/ബി1/2015/വിജി നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (വി.ഇ.01/2016/പി.കെ.ഡി) ലളിതകുമാരി Vs യു.പി.സ്റ്റേറ്റ് നമ്പർ കേസിൽ സുപ്രീം കോടതി വിധി അനുസരിച്ച് വി.സി.13/2016/പി.കെ.ഡി., 14/2016/പി.കെ.ഡി. നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ